# മണവാട്ടി ജാറം

**അമീർ ഒതുക്കുങ്ങൽ**

വിവരമില്ലാത്ത പൊതുജനങ്ങൾ വിശ്വാസപരമായി വഴിപിഴക്കുന്നതിന്റെ പ്രധാനകാരണം പുരോഹിതൻമാരുടെ അബദ്ധജടില ഫത്‌വകളും നടപടി ക്രമങ്ങളുമാണ് എന്നതാണ് വസ്തുത. ജനങ്ങൾ തൗഹീദ് ഉൾക്കൊണ്ട് ജീവിക്കാൻ തുടങ്ങിയാൽ തങ്ങൾക്ക് പിന്നീട് പിടിച്ച് നിൽക്കാൻ ആവില്ല എന്നത് പുരോഹിതൻമാർ ഐക്യകണ്ഠേന തിരിച്ചറിഞ്ഞിട്ടുണ്ട്. ജനങ്ങളുടെ അജ്ഞത യിൻമേലാണ് പൗരോഹിത്യമെന്ന ഇത്തിൾ കണ്ണികൾ തഴച്ച് വളരുക. ഈ പുരോഹിതന്മാരുടെ വഴി പിഴച്ച ഫത്‌വകൾ ജനങ്ങളെ വിശ്വാസപരമായി എത്രത്തോളം വ്യതിചലിപ്പിച്ചു എന്നതിന്റെ ഉദാഹരണങ്ങൾ ദർഗകളും അതിനെ ചുറ്റിപ്പറ്റി നടക്കുന്ന അനിസ്ലാമിക പ്രവർത്തനങ്ങളും തന്നെയാണ്. കെട്ടി ഉയർത്തിയ മൺകൂനയിലെല്ലാം അഭയം തേടാവുന്ന രീതിയിലേക്ക് ജനങ്ങൾ അധ:പ്പതിച്ചത് പുരോഹിതൻമാരുടെ പൈശാചിക ഫ്ത്‌വകൾ മൂലമാണ്. കേരളത്തിൽ സ്ഥിതി ചെയ്യുന്ന പല ദർഗകളിലും കുടികൊള്ളുന്നത് ആരാണെന്ന കാര്യം അതിന്റെ കൈകാര്യ കർത്താ ക്കൾക്ക്പോലും തിട്ടമില്ല. ഒരു ദർഗയോ അല്ലെങ്കിൽ ഒരു അനാഥ ശവമോ കണ്ടാൽ അതിനെ ചുറ്റിപ്പറ്റി കഥകൾ മെനഞ്ഞുണ്ടാക്കുക എന്ന ഒരു നിസ്സാര പണിമാത്രമെ പുരോഹിതന്മാർക്കുള്ളൂ. ബാക്കിയുള്ള ആചാരങ്ങൾ ജനങ്ങൾ ആയിക്കൊള്ളും. ഓരോരുത്തരുടേയും ഭാവനക്ക് അനുസ രിച്ചും പ്രദേശത്തിനനുസരിച്ചും കഥകൾക്ക് നിറവും മണവും കൂടും. അതിനനുസരിച്ച് ജനങ്ങൾ വിശ്വാസപരമായി നിയന്ത്രണം വിടുകയും ചെയ്യും. കേരളത്തിൽ ഇന്ന് സമസ്തക്കാർ കൊണ്ട് നടക്കുന്ന മിക്ക ജാറങ്ങളുടെ ചരിത്രവും ഹൈന്ദവ ഐതിഹ്യങ്ങളുമായി വളരെയേറെ സാമ്യമുള ളതാണ്. ഇത്തരത്തിൽ ഒന്നാണ് കാസർഗോഡ് ജില്ലയിലെ വൈക്കത്തുള്ള മണവാട്ടി ജാറവും അതിന് പിന്നിൽ പറഞ്ഞ്കേൾക്കുന്ന ഐതിഹ്യങ്ങളും.

വലിയ്യത്തുല്ലാഹി മണവാട്ടി ബീവി മഖാം എന്ന പേരിലാണ് ഈ മഖാം അറിയപ്പെടുന്നത്. മണവാട്ടി എന്ന് ആരെങ്കിലും പേരിടുമോ എന്ന ശങ്ക സമസ്ത ക്വുബൂരികളെക്കുറിച്ച് അറിയാവു ന്നവർക്കുണ്ടാകില്ല. സമസ്തക്കാരുടെ മിക്ക ജാറങ്ങളിലും ഉണ്ട് എന്ന് പറയപ്പെടുന്നവർക്ക് ഇസ്ലാമികമായ ഒരു പേര് പോലും ഇല്ല എന്നതാണ് രസകരം. അന്ത്രു,കോയ,ബീരാൻ തുടങ്ങിയ പേരുകളിലാണ് ഇവർ അറിയപ്പെടുന്നത്. ചിലർക്ക് പേര് പോലും ഇല്ല എന്നതാണ് വാസ്തവം. പാലക്കാട് ജില്ലയിലെ നാട്ടുകല്ല് എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ദർഗക്ക് പേരില്ല. അത്തരക്കാർ വലിയ്യുല്ലാഹി, വലിയ്യത്തുല്ലാഹി എന്നീ പൊതു പേരിലാണ് അറിയപ്പെടുന്നത്. അജ്ഞാത ജഢ ങ്ങൾക്ക് പേര് നിർമിച്ച് കൊടുക്കുന്നവർക്ക് പിന്നീട് അതിന്റെ പിന്നിലൊരു ചരിത്രവും സൃഷ്ടി ക്കാൻ പ്രയാസമില്ല. അങ്ങനെ കെട്ടിവെച്ച പേരും ചരിത്രവുമാണ് സമസ്തക്കാരുടെ മിക്ക ഔലി യാക്കൾക്കുമുള്ളത്. അത്തരത്തിൽ ഒന്നു തന്നെയാണ് മണവാട്ടി ജാറവും. ഹൈന്ദവ ഐതിഹ്യ ങ്ങളിലെ യക്ഷിക്കഥകളുമായി നല്ല സാമ്യമുണ്ട് മണവാട്ടി ജാറത്തിന്റെ ചരിത്രത്തിന്. വെള്ളവ സ്ത്രമുടുത്ത് പാതിരാത്രികളിൽ പാലമരച്ചുവട്ടിൽ പ്രത്യക്ഷപ്പെടുന്ന യക്ഷികൾ ഹൈന്ദവ ഐതി ഹ്യങ്ങളിൽ സജീവമാണല്ലോ.

കാട്ടിൽ വിറക് പെറുക്കാൻ പോയ രണ്ട് ഹൈന്ദവ സ്ത്രീകൾ കാട്ടിൽ മരത്തിന് ചുവട്ടിൽ നിൽക്കുന്ന ഒരു മണവാട്ടിയെ കണ്ടത്രെ. മണവാട്ടി അവരോട് വെറ്റിലയും അടക്കയും ചോദിച്ചു. അതുമായി ചെന്നപ്പോൾ മണവാട്ടിയെ കാണാനുണ്ടായിരുന്നില്ലത്രെ. ഇത്രയുമാണ് കഥയുടെ ചുരുക്കം. ഇത് പോരേ ക്വുബൂരികൾക്ക് ജാറമുണ്ടാക്കാൻ. ഹൈന്ദവ ഐതിഹ്യങ്ങളിൽ പാലമര

ച്ചുവട്ടിലും പനയുടെ ചുവട്ടിലും പാതിരാത്രി പ്രത്യക്ഷപ്പെട്ട് വഴിപോക്കരോട് ചുണ്ണാമ്പ് ചോദിക്കുകയും ചുണ്ണാമ്പുമായി ചെല്ലുന്നവരുടെ കണ്ഠം പിളർന്ന് ചോര കുടിക്കുകയും ചെയ്യുന്ന കഥകൾ നാം വായിക്കാറുള്ളതാണല്ലോ. ഹൈന്ദവ ഐതിഹ്യങ്ങളിലെ യക്ഷികൾ ചോദിക്കാറുള്ളത് ചുണ്ണാമ്പാണെങ്കിൽ മണവാട്ടി ബീവി ചോദിച്ചത് അടക്കയും വെറ്റിലയുമാണ് എന്ന് മാത്രം.

മണവാട്ടിയെ കണ്ടവിവരം അന്നത്തെ ഖാളിയെ ജനങ്ങൾ അറിയിച്ചത്രേ. ഇപ്പോഴത്തെ ഖാളിയായ സയ്യിദ് മുഹമ്മദ് മദനി തങ്ങളുടെ ബാപ്പയായിരുന്നു അന്നത്തെ ഖാളി. അതുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന് ചില സ്വപ്ന ദർശനങ്ങൾ ഉണ്ടായതോടെ മണവാട്ടി ജാറത്തിന്റെ ഉത്ഭവമായി. മണവാട്ടി വെറ്റില ചോദിച്ചതിന്റെ സ്മരണക്കായി ഇവിടെ നേർച്ച അർപ്പിക്കുന്നത് വെറ്റിലയും അടക്കയുമാണ്. അറുപത്തി അഞ്ച് വർഷമായി ഇവിടെ ഉറൂസ് നടക്കുന്നു. ഉറൂസ് സമയത്ത് നൂറ് കണക്കിന് കുട്ടികൾ നിറയെ തുമ്മാൻ (വെറ്റിലയും അടക്കയും ഉൾപെടെയുള്ള മുറുക്കാന് വടക്കൻ ഭാഷയിൽ തുമ്മാൻ എന്നാണ് പറയുക) ഇവിടെ കാണിക്കയായി അർപ്പിക്കപെടുന്നു. എല്ലാ വ്യാഴാഴ്ച്ചയും നാലര മണിമുതൽ അഞ്ചര മണിവരെ നടക്കുന്ന കൂട്ടുപ്രാർത്ഥനക്ക് ശേഷം ചക്കരകഞ്ഞിയും തുമ്മാനും ഇവിടെനിന്നും പ്രസാദമായി നൽകുന്നു. ഈ പ്രസാദം വീടുകളിൽ സൂക്ഷിച്ച് ജനങ്ങൾ രോഗശമനത്തിനും മറ്റും ഉപയോഗിക്കുന്നു.

മറ്റെല്ലാ ജാറങ്ങളിലെപ്പോലെ ഇവിടെയും ചൂഷണത്തിന് ഇരകളാകുന്നത് സ്ത്രീകളാണ്. വിവാഹവും സന്താന സൗഭാഗ്യവും ഏതൊരു സ്ത്രീയുടെയും അടങ്ങാത്ത ആഗ്രഹമാണ്. അത്കൊണ്ട് തന്നെ വിവാഹം നടക്കാനും സന്താനങ്ങളെ ലഭിക്കാനുമാണ് മിക്കജാറങ്ങളിലും കൂടുതലും നേർച്ചകൾ ലഭിക്കാറുള്ളത്. മണവാട്ടി ജാറത്തിലും ഇത് തന്നെയാണ് സ്ഥിതി. മണവാട്ടി ജാറത്തിൽ തൂക്കിയിട്ടിരിക്കുന്ന വളകൾ കൊണ്ട് പോയി അണിഞ്ഞാൽ വിവാഹ സൗഭാഗ്യവും സന്താന സൗഭാഗ്യവും ലഭിക്കുമെന്നാണ് ക്വുബൂരികൾ വിശ്വസിക്കുന്നത്. ആ വിശ്വാസത്തിന് ബലം കിട്ടാൻ കള്ളക്കറാമത്ത് കഥകളുമായി ഈ  സമുദായത്തിന്റെ തീരാശാപമായ മുസ്‌ലിയാക്കൻമാർ ഇവിടെയും സജീവമായി രംഗത്തുണ്ട്. വലിയ വലിയ കറാമത്തുകളൊന്നും നിരത്താനില്ലെങ്കിലും താൻ ഏതൊരു കാര്യത്തിന് പുറത്തിറങ്ങിയാലും തനിക്കത് സാധിക്കാറുണ്ടെന്ന് ഇവിടെയുള്ള മുസ്‌ലിയാർ പറയുന്നു.

ചുറ്റുമുള്ള ക്വബ്റുകളിൽ മണവാട്ടി ബീവിയുടെ ബന്ധുക്കളാണത്രെ അടക്കം ചെയ്യപ്പെട്ടിരിക്കുന്നത്. ഏതൊ ഒരു മരച്ചുവട്ടിൽ കണ്ടു എന്ന് പറയപ്പെടുന്ന ഒരു സ്ത്രീക്ക് എങ്ങനെ ബന്ധുക്കൾ ഉണ്ടായി എന്ന ചോദ്യത്തിന് കൃത്യമായ ഒരു ഉത്തരം ദർഗാപരിപാലകർ പറയുന്നില്ല. വിശ്വാസികൾക്കിടയിൽ സ്വീകാര്യത ലഭിക്കാൻ മണവാട്ടിയെ യമനുമായി ബന്ധപ്പെടുത്തുന്ന ഒരു കഥയും പ്രചരിക്കുന്നുണ്ട്. പക്ഷെ എന്തൊക്കെ കഥകൾ പ്രചരിച്ചാലും അതൊക്കെ വെറും ഊഹാപോഹങ്ങൾ എന്നതിലുപരി അതിന് യാതൊരു അടിസ്ഥാനവും ഇല്ല. ഇതിന്റെ ഐതിഹ്യം പലരും പല രീതിയിലാണ് പറയുന്നത്. എല്ലാം കൂടി ചേർത്ത് വെച്ചാൽ വൈരുദ്ധ്യങ്ങളുടെ നീണ്ട നിര തന്നെയുണ്ട്. എന്ത് വൈരുദ്ധ്യങ്ങളുണ്ടായാലും, ഇനി മയ്യിത്ത് തന്നെയില്ലെങ്കിലും കുറച്ച് സിമന്റും മണലും പച്ച പെയിന്റും ഉണ്ടായാൽ അതിലേക്കുള്ള ആളെയും അതിന്റെ ചരിത്രവും ക്വുബൂരികൾ കഥകളിലൂടെ കണ്ടെത്തും. ആ കഥകൾ തങ്ങളാലാവും വിധം പ്രചരിപ്പിക്കുകയും ചെയ്യും. അതിന് എല്ലാ വിധ ആശീർവാദവും നൽകാൻ പുരോഹിതൻമാർ റെഡിയായിട്ട് നിൽക്കുമ്പോൾ മണവാട്ടി ജാറവും മണവാളൻ ജാറവും അമ്മായിഅമ്മ ജാറവും നാത്തൂൻ ജാറവും അങ്ങനെ പല പേരുകളിലും രൂപത്തിലും ഭാവത്തിലും ജാറങ്ങളും ഉണ്ടാകും. സമസ്തക്കാരുടെ മിക്ക ജാറങ്ങളുടെ ചരിത്രത്തിനും ഹൈന്ദവ വിശ്വാസങ്ങളുമായി അടുത്ത സാമ്യം ഉള്ളത് കൊണ്ട് ഇത്തരം ജാറങ്ങളിൽ ഹൈന്ദവരുടെ സാന്നിധ്യം വളരെ വലുതാണ്. തങ്ങളുടെ വിശ്വാസങ്ങളുമായി സാമ്യമുള്ള ചരിത്രങ്ങളായത്കൊണ്ട് ഹൈന്ദവർക്കും ഇത് ഉൾകൊള്ളാൻ യാതൊരു ബുദ്ധിമുട്ടുമില്ല. അന്ധവിശ്വാസത്തിന്റെ വിത്ത് പാകിയാൽ പെട്ടെന്ന് മുളക്കുകയും പൂക്കുകയും കായ്ക്കുകയും ചെയ്യുന്ന വടക്കൻ ജില്ലകളിൽ ഇത്തരത്തിൽ രസകരങ്ങളായ നിരവധി ജാറങ്ങളും കഥകളുമുണ്ട്.